**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2707** **28-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസത്തിനായി കേന്ദ്ര സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി** | | **ശ്രീ. കെ. രാധാകൃഷ്ണൻ**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസത്തിനായി കേന്ദ്ര സർക്കാർ നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | പട്ടികജാതി വിഭാഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനായി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. Central Prematric Scholarship (Comp – I)<br><br>9-10 ക്ലാസ്സ് സ്കോളർഷിപ്പ്:-<br><br>സർക്കാർ/എയ്ഡഡ്/അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ 9, 10 ക്ലാസുകളിലെ പട്ടികജാതിവിഭാഗ വിദ്യാർഥികൾക്കു 2.50 ലക്ഷം രൂപ വരുമാന പരിധിക്കു വിധേയമായി സ്കോളർഷിപ്പ് നൽകുന്നു. ഡേ സ്കോളേഴ്സ് വിദ്യാർത്ഥികൾക്ക് പ്രതിവർഷം 3,500/- (മൂവായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ ഹോസ്റ്റലേഴ്സ് വിദ്യാർത്ഥികൾക്ക് പ്രതിവർഷം 7000/- (ഏഴായിരം രൂപ മാത്രം) രൂപ ക്രമത്തിൽ അനുവദിക്കുന്നു. ആകെ തുകയുടെ 40% വിഹിതം സംസ്ഥാന സർക്കാരും 60% വിഹിതം കേന്ദ്രസർക്കാരും വഹിക്കുന്നു.<br><br>2. Central Prematric Scholarship (Comp-II).<br><br>അനാരോഗ്യകരമായ ചുറ്റുപാടുകളിൽ തൊഴിലിൽ ഏർപ്പെടുന്നവരുടെ ആശ്രിതർക്കുള്ള സെൻട്രൽ സ്കോളർഷിപ്പ് :-<br><br>സർക്കാർ/ എയ്ഡഡ്/ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 10 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് ജാതി മത വരുമാന പരിഗണനകളില്ലാതെ സ്കോളർഷിപ്പ് നൽകുന്ന പദ്ധതി. ഡേ സ്കോളേഴ്സ് വിദ്യാർത്ഥികൾക്ക് പ്രതിവർഷം 3,500/- (മൂവായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ ഹോസ്റ്റലേഴ്സ് വിദ്യാർത്ഥികൾക്ക് പ്രതിവർഷം 8000/- (എണ്ണായിരം രൂപ മാത്രം) രൂപ ക്രമത്തിൽ അനുവദിക്കുന്നു. ആകെ തുകയുടെ 40% വിഹിതം സംസ്ഥാന സർക്കാരും 60% വിഹിതം കേന്ദ്രസർക്കാരും വഹിക്കുന്നു |

3. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്:-

ഹയർ സെക്കന്ററി തലം മുതലുള്ള കോഴ്സുകൾക്ക് മെറിറ്റ് / റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടിയ പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് അംഗീകൃത ഫീസും അക്കാഡമിക് അലവൻസും അനുവദിക്കുന്നു. അക്കാഡമിക് അലവൻസിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| കോഴ്സ് കാറ്റഗറി | ഹോസ്റ്റലേഴ്സ് | ഡേ സ്കോളേഴ്സ് |
|---|---|---|
| ഗ്രൂപ്പ് - 1 | ₹ 13,500/- | ₹ 7,000/- |
| ഗ്രൂപ്പ് - 2 | ₹ 9,500/- | ₹ 6,500/- |
| ഗ്രൂപ്പ് - 3 | ₹ 6,000/- | ₹ 3,000/- |
| ഗ്രൂപ്പ് - 4 | ₹ 4,000/- | ₹ 2,500/- |

പ്രസ്തുത സ്കോളർഷിപ്പുകളുടെ 60%തുക കേന്ദ്ര സർക്കാരും 40% സംസ്ഥാന സർക്കാരും വഹിക്കുന്നു.

പട്ടികവർഗ്ഗ വികസനവകുപ്പുമായി ബന്ധപ്പെട്ട്

1) 9, 10 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (75% കേന്ദ്രസഹായം)

9, 10 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് പുറമേ പ്രതിവർഷം 2,250/-രൂപ (രണ്ടായിരത്തി ഇരുന്നൂറ്റി അമ്പത് രൂപ മാത്രം) സ്കോളർഷിപ്പ് ഇനത്തിലും ബുക്കുകളും പഠനോപകരണങ്ങളും വാങ്ങുന്നതിനായി 750/- (എഴുന്നൂറ്റി അമ്പത് രൂപ മാത്രം) രൂപയും ഹോസ്റ്റലുകളിൽ താമസിച്ച് പഠനം നടത്തിവരുന്ന വിദ്യാർത്ഥികൾക്ക് പ്രതിവർഷം യഥാക്രമം 5,250/- രൂപയും 1,000/- രൂപയും നൽകിവരുന്നു.

പ്രസ്തുത പദ്ധതിക്കായി 75% കേന്ദ്ര വിഹിതമായും 25% സംസ്ഥാന വിഹിതമായും കുട്ടികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന ആനുകൂല്യം നൽകി വരുന്നു.

2) പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി (75% കേന്ദ്രസഹായം)

പട്ടികവർഗ വിഭാഗത്തിലെ 10-ാം ക്ലാസിന് മുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, ഫീസ്, മറ്റ് ചെലവുകൾ, ഹോസ്റ്റലുകളുടെ ചെലവുകൾ, പോക്കറ്റ് മണി ഇവ വിതരണം ചെയ്തുവരുന്നു.

| | | | |
|---|---|---|---|
| | | | പ്രസ്തുത പദ്ധതിക്കായി 75% കേന്ദ്ര വിഹിതമായും 25% സംസ്ഥാന വിഹിതമായും കുട്ടികൾക്ക് ആനുകൂല്യം നൽകി വരുന്നു. ഈ സ്കോളർ ഷിപ്പുകൾ അനുവദിക്കുന്നതും വിതരണം ചെയ്യുന്നതും ഇ-ഗ്രാന്റ്സ് മുഖേനയാണ്. |
| (ബി) | പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ബി) | പട്ടികജാതി വിഭാഗക്കാർക്ക് കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ പറയുന്നു.<br><br>1. പ്രീ മെട്രിക് സ്കോളർഷിപ്പ് :-<br><br>കുടുംബ വാർഷിക വരുമാനം 2.50 ലക്ഷം വരെയുള്ള പട്ടികജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് ടി സ്കോളർഷിപ്പ് അനുവദിക്കുന്നു.<br><br>2. അനാരോഗ്യകരമായ ചുറ്റുപാടുകളിൽ തൊഴിലിൽ ഏർപ്പെടുന്നവരുടെ മക്കൾക്കുള്ള സെൻട്രൽ സ്കോളർഷിപ്പ് :-<br><br>പ്രസ്തുത വിഭാഗത്തിൽപ്പെട്ട തൊഴിലാളികളുടെ മക്കൾക്ക് ജാതി/മതം/വരുമാന പരിധി ബാധമാകാതെ ടി സ്കോളർഷിപ്പ് അനുവദിക്കുന്നു.<br><br>3. ഇ-ഗ്രാന്റ്സ് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് :-<br><br>കുടുംബ വാർഷിക വരുമാനം 2.50 ലക്ഷം വരെയുള്ള പട്ടികജാതി വിഭാഗത്തിൽ പെട്ട മെറിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് പ്രസ്തുത സ്കോളർഷിപ്പ് അനുവദിക്കുന്നു.<br><br>പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രസ്തുത വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡം ചുവടെ ചേർക്കുന്നു.<br><br>1. കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ കുറവായിരിക്കണം.<br><br>2. സർക്കാർ/സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളായിരിക്കണം.<br><br>3. വിദ്യാർത്ഥികൾക്ക് ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കണം. ആയത് ആധാറും, മൊബൈൽ നമ്പരുമായി ലിങ്ക് ചെയ്തിട്ടുണ്ടായിരിക്കണം.<br><br>4. വിദ്യാർത്ഥികൾ പഠിക്കുന്ന ക്ലാസിലേക്കായി ഒറ്റതവണ മാത്രമാണ് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുകയുള്ളൂ. റിപ്പീറ്റ് ചെയ്യുന്നവർക്ക് ആ ക്ലാസിലേയ്ക്ക് വീണ്ടും അനുവദിക്കില്ല. |

| | | | |
|---|---|---|---|
| | | | 5. പ്രീമെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്നതിൽ അനാഥരായ വിദ്യാർത്ഥികളെ സംരക്ഷിക്കുന്നവരുടെ വരുമാനം കണക്കാക്കുന്നതല്ല.<br><br>6. മറ്റ് സ്കോളർഷിപ്പുകൾ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാരിന്റെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന് അർഹത ഉണ്ടായിരിക്കുന്നതല്ല.<br><br>കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടാത്ത വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെ സംസ്ഥാന സർക്കാർ സ്കോളർഷിപ്പ് അനുവദിക്കുന്നു. |

സെക്ഷൻ ഓഫീസർ